(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടുൾപ്പെടെ എത്ര തുകയുടെ എസ്റ്റിമേറ്റിനാണ് സർക്കാർ ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ ;

(സി) നവീകരണ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത് ഏത് ഏജൻസി ആണെന്ന് വെളിപ്പെടുത്താമോ ;

(ഡി) നവീകരണ പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന വിഷയങ്ങൾ എന്താണെന്ന് വിശദമാക്കാമോ ;

(ഇ) പ്രവൃത്തി ഇതിനകം ടെണ്ടർ ചെയ്തിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-എഫ്) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിന് ബഹു. എം.എൽ.എ. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ പ്രാദേശിക ആസ്തിവികസനഫണ്ട് 2 കോടി രൂപയും കായിക വകുപ്പിൽനിന്നും 2 കോടി രൂപയും ഉൾപ്പെടെ 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ടി സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശത്തെ ചൊല്ലി റവന്യൂ വകുപ്പും തലശ്ശേരി മുനിസിപ്പാലിറ്റിയും തമ്മിൽ തർക്കം ഉണ്ടായതിനെ തുടർന്ന് 13-7-2015-ൽ ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ തൽക്കാലം തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ ഒരു Permissive sanction--നോടുകൂടി ആരംഭിക്കാമെന്ന് തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തിക്കൊണ്ട് നിർമ്മാണത്തിന് അനുമതി നൽകാവുന്നതാണെന്ന് കണ്ണൂർ ജില്ലാ കളക്ടർ ലാന്റ് റവന്യൂ കമ്മീഷണറെ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണാനുമതി റവന്യൂ വകുപ്പിൽനിന്ന് ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ ടെൻഡർ നടപടികൾ ആരംഭിച്ച്, ഒരു നിർമ്മാണ ഏജൻസിയെ നിശ്ചയിച്ച് നിർമ്മാണം ആരംഭിക്കാനാകൂ.

മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്റർ

311 (2140) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നടപ്പുവർഷം ട്രെയിനിംഗ് സെന്ററിൽ കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കുട്ടികൾ ആണെന്ന് വ്യക്തമാക്കുമോ ;

(സി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിന്റെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ ഫുട്ബാളിൽ ആൺകുട്ടികൾക്കായി ഒരു സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ട്രെയിനിംഗ് സെന്ററിന്റെ ഗ്രൗണ്ട് കായികതാരങ്ങളുടെ ഫുട്ബോൾ പരിശീലനത്തിനായും ഉപയോഗിച്ചുവരുന്നു.

(ബി) ഉണ്ട്. നടപ്പുവർഷം മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ 10 കുട്ടികൾക്ക് പ്രവേശനം നൽകുകയുണ്ടായെങ്കിലും 3 പേർ മാത്രമാണ് അഡ്മിഷൻ എടുത്തത്.

(സി) മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ സിന്തറ്റിക് ട്രാക്ക് സ്ഥാപിക്കുന്നതിനും Water Treatment Plant സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ സൈൽ പദ്ധതി

312 (2141) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സൈൽ' പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിലെ വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) ചാലക്കുടി പി.എം.ജി. കോളജ്, ചാലക്കുടി ഹൗസിംഗ് ബോർഡ് റസിഡൻസ് അസോസിയേഷൻ തുടങ്ങിയ സ്ഥാപനങ്ങളും സംഘടനകളും സമർപ്പിച്ച അപേക്ഷ പ്രകാരം സിന്തറ്റിക് കോർട്ടും കായിക സൗകര്യങ്ങളും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സൈൽ പദ്ധതി പ്രകാരം ചാലക്കുടി മണ്ഡലത്തിൽനിന്നും ഈ വകുപ്പിൽ ലഭ്യമായ അപേക്ഷ ബഹു. കായിക വകുപ്പുമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ചാലക്കുടി ഹൗസിംഗ് ബോർഡ് റെസിഡൻസ് അസോസിയേഷന്റെ അപേക്ഷ ലഭിച്ചിട്ടില്ല. ചാലക്കുടി പി.എം.ജി. കോളേജിലടക്കം സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽനിന്ന് ലഭിച്ച മറ്റ് അപേക്ഷകൾ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly